**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1789

14.08.2017 ൽ മറുപടിയ്ക്ക്

**നെടുങ്കണ്ടത്ത് എസ്.എൻ.ഡി.പി. ശാഖാ ഓഫീസ് ആക്രമിച്ച സംഭവം**

**ചോദ്യം**

**ശ്രീ. പി.ടി. തോമസ്**

(എ) നെടുങ്കണ്ടത്ത് എസ്.എൻ.ഡി.പി. ശാഖാ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്രപേർക്കെതിരെ കേസ്സെടുത്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും അറിയിക്കുമോ;

(ബി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) എസ്.എൻ.ഡി.പി. ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 581/17 നമ്പർ കേസ്സിലെ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതും, ക്രൈം 582/17 നമ്പർ കേസ്സിൽ നിലവിൽ 6 പേർക്ക് എതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) നിലവിലുള്ള അന്വേഷണത്തിൽ എസ്.എൻ.ഡി.പി. - യിലെ ഇരുവിഭാഗങ്ങൾ തമ്മിലാണ് സംഘർഷമുണ്ടായത് എന്ന് വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വരുന്നുണ്ട്.

Deepak

സെക്ഷൻ ഓഫീസർ